Malappuram District Police

**04/11/2017 കൊണ്ടോട്ടി**

സ്കൂൾ വിദ്യാർത്ഥികൾക്ക് കഞ്ചാവ് വിൽപ്പന നടത്തുന്ന സംഘത്തിലെ യുവാവ് പിടിയിൽ. മഞ്ചേരി പുല്ലാര സ്വദേശി റിയാസ് ബാബു @ പല്ലി റിയാസ്(27) ആണ് പിടിയിലായത്. കിഴിശ്ശേരിയിലെയും സമീപ പ്രദേശങ്ങളിലെയും വിദ്യാർത്ഥികൾക്കിടയില് കഞ്ചാവിന്റെ ഉപയോഗം വർധിക്കുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽനടന്ന അന്വേഷണത്തിലാണ് ഇയാള് പിടിയിലായത്. പോലീസ് സ്കൂള് അധികൃതരുടെ സഹായത്തോടെ നടത്തിയ അന്വേഷണത്തിൽ സ്കൂളുകളിലും പരിസരങ്ങളിലും വിദ്യാർത്ഥികള് കഞ്ചാവ് ഉപയോഗിക്കുന്നതായി വ്യക്തമായി. അന്വേഷണസംഘം വിദ്യാർത്ഥികൾക്കിടയില് കൗൺസിലിങ് നടത്തിയതിൽ ഒരു സ്കൂളിൽമാത്രം 25 ഓളം വിദ്യാർത്ഥികള് കഞ്ചാവ് ഉപയോഗിക്കുന്നതായി കണ്ടെത്തി. ആദ്യം സൗജന്യമായും പിന്നീട് പണം വാങ്ങിയുമാണ് സംഘം വിദ്യാർത്ഥികൾക്ക് കഞ്ചാവ് നൽകിയിരുന്നത്. വിദ്യാർത്ഥികളിൽനിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റിയാസ് ബാബുവിനെ സി.ഐ. മുഹമ്മദ് ഹനീഫയുടെ നേതൃത്വത്തിലുള്ള പ്രത്യേകസംഘം പിടികൂടിയത്. യുവാവിനെ മലപ്പുറം ജെ.എഫ്.സി.എം. കോടതിയിൽ ഹാജരാക്കി.